കാവുകളുടെ സംരക്ഷണം

261 (267) ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാവുകളുടെ സംരക്ഷണത്തിനായി എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ;

(ബി) കാവുകളിലെ കുളങ്ങൾ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ ;

(സി) ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള തരിശു ഭൂമിയിൽ കാവുകൾ നിർമ്മിക്കുവാൻ വനംവകുപ്പ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായുള്ള വനംവകുപ്പിന്റെ പദ്ധതി 2010 മുതൽ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയിൽ ഓരോ വർഷവും കാവുകളുടെ വിസ്തൃതിയുടേയും ആയതിലെ ജൈവവൈവിധ്യത്തിന്റെയും അടിസ്ഥാനത്തിൽ ഓരോ ജില്ലയിൽനിന്നും തെരഞ്ഞെടുക്കുന്ന 5 (അഞ്ച്) കാവുകൾക്ക് ചുവടെ ചേർക്കുന്ന സംരക്ഷണ പരിപാലന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നു.

1. കാവുകളിലെ സസ്യജന്തു വൈവിധ്യം തിട്ടപ്പെടുത്തുക
2. പരിപാലനത്തിനാവശ്യമായ സൂക്ഷ്മാസൂത്രണ രേഖ തയ്യാറാക്കുക
3. കാവുകളിലെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സസ്യങ്ങൾ വച്ചുപിടിപ്പിക്കുക/സ്വാഭാവിക സസ്യവളർച്ചയ്ക്ക് ആവശ്യമായ സാഹചര്യം ഒരുക്കുക, കള നിർമ്മാർജ്ജനം ചെയ്യുക, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, പരിസരം ശുചിയായി സൂക്ഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക
4. സംരക്ഷണത്തിനായി കാവിനുചുറ്റും അനുയോജ്യമായ വേലി നിർമ്മിക്കുക
5. കാവുകളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വനം വകുപ്പിന്റെ കാവു സംരക്ഷണ പദ്ധതി സർക്കാർ ഉത്തരവ് G.O. (Rt) No. 354/2013/F&WLD തീയതി 12-9-2013 മാർഗ്ഗ നിർദ്ദേശപ്രകാരമാണ് നടപ്പിലാക്കുന്നത്. ആയതുപ്രകാരം കാവിനുള്ളിൽ സ്ഥിതിചെയ്യുന്ന ഉപയോഗ ശൂന്യമായി കിടക്കുന്ന കുളങ്ങൾ വൃത്തിയാക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതാണ്. എന്നാൽ ആയതിനുള്ള പ്രത്യേക പദ്ധതികളൊന്നും നിലവിലുള്ള സ്കീമിൽ ഇല്ല.

(സി) വനം വകുപ്പിന്റെ കാവ് സംരക്ഷണ പദ്ധതി അനുസരിച്ച് ക്ഷേത്രത്തിലെ തരിശ് ഭൂമിയിൽ കാവുകൾ നിർമ്മിക്കുവാൻ നിലവിൽ വ്യവസ്ഥയില്ല.

വനത്തിലും വനാതിർത്തിയിലും താമസിക്കുന്നവർ

262 (268) ശ്രീ. വർക്കല കഹാർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി ;
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനത്തിലും വനാതിർത്തിയിലും താമസിക്കുന്നവരുടെ കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) വന്യജീവി ശല്യമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കർഷകരെ മാറ്റി പാർപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരും മറ്റ് സമൂഹങ്ങളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമങ്ങൾ തുടരുമോ; വിശദമാക്കാമോ?

ഉത്തരം

(എ) 1. കാട്ടാനകളുടേയും മറ്റു വന്യജീവികളുടേയും ആക്രമണം മൂലമുള്ള കഷ്ടനഷ്ടങ്ങൾ കുറയ്ക്കാൻ വനാതിർത്തിയിൽ പ്രതിരോധ കിടങ്ങുകൾ കുഴിക്കൽ, വൈദ്യുത കമ്പിവേലികൾ സ്ഥാപിക്കൽ, കയ്യാലകളും ആന പ്രതിരോധ മതിലുകളും നിർമ്മിക്കൽ, ജൈവവേലി വച്ചുപിടിപ്പിക്കൽ, ജീവനും സ്വത്തിനും വിളകൾക്കുമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകൽ, വനവാസികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ, നാട്ടിലിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തിരിച്ചയയ്ക്കുന്നതിനും വനാതിർത്തിയിലെ ജനങ്ങൾക്ക് സംരക്ഷണം നൽകുന്നതിനും ദ്രുതകർമ്മസേന രൂപീകരിക്കൽ എന്നിവ.

LIBRARY ARCHIVES Kerala Legislative Assembly